പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :562 29.01. 2019 ൽ മറുപടിക്ക്

# കാർഷിക മേഖലയിലെ വൈദ്യുതി നിരക്ക് വർദ്ധനവ്

ചോദ്യം

ശ്രീ.എൽദോസ് പി.കുന്നപ്പിള്ളിൽ

" എം.വിൻസെന്റ്

" അനൂപ് ജേക്കബ്.

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ കെ.എസ്.ഇ.ബി. അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) ഉണ്ട്. സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച താരിഫ് റെഗുലേഷൻ - 2018 പ്രകാരം, 2018-19 മുതൽ 4 (നാല്) സാമ്പത്തിക വർഷങ്ങളിലേക്കുള്ള മതിപ്പ് വരവ് ചെലവ് കണക്കുകൾ അനുവദിക്കുന്നതിനും, താരിഫ് പരിഷ്കരിക്കുന്നതിനും (2018-19 ലും 2020-21 ലും) ഉള്ള അപേക്ഷ, വൈദ്യുതി ബോർഡ്, 31.10.2018 – ൽ സമർപ്പിച്ചിട്ടുണ്ട്. |
| (ബി) കാർഷിക മേഖലയിലെ എൽ.റ്റി.5എ, എൽ.റ്റി.5 ബി വിഭാഗങ്ങളിൽ നിന്നും ലഭിക്കുന്ന വരുമാനം എത്ര ശതമാനം വർദ്ധിപ്പിക്കണമെന്നാണ് ബോർഡ് ആവശ്യപ്പെട്ടിട്ടുള്ളത്; ഇതിനുള്ള പ്രത്യേക സാഹചര്യമെന്താണെന്ന് വിശദീകരിക്കുമോ; | (ബി) റെഗുലേറ്ററി കമ്മീഷനു മുമ്പാകെ എൽ.റ്റി.5എ, എൽ.റ്റി.5ബി വിഭാഗം ഉപഭോക്താക്കൾക്ക് ശുപാർശ ചെയ്തിട്ടുള്ള നിരക്ക് പരിഷ്കരണം (ശതമാനത്തിൽ) താഴെ കൊടുത്തിരിക്കുന്നു. (table below) സംസ്ഥാനത്ത് വൈദ്യുതിയുടെ ആഭ്യന്തര ഉത്പാദനം ആവശ്യകതയുടെ 25% മുതൽ 35% വരെ മാത്രമാണ്. ബാക്കി വൈദ്യുതി ആവശ്യകത നിറവേറ്റുന്നത്, പുറമേനിന്നുള്ള വില കൂടിയ താപ വൈദ്യുതി വാങ്ങിയാണ്. ആകെ ചെലവിന്റെ 55% മുതൽ 60% വരെ വാങ്ങൽ ചെലവ് വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. കൂടാതെ മറ്റു ചെലവുകളിലും വലിയ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കെ.എസ്.ഇ.ബി. ലിമിറ്റഡിനുള്ള ഏക വരുമാനം വൈദ്യുതി വില്പനയിൽ നിന്നുമാണ്. ആകയാൽ നിരക്ക് വർദ്ധനവ് അനിവാര്യമായി തീരുന്നു. കൂടാതെ, നിലവിലുള്ള വൈദ്യുതി നിയമവും, താരിഫ് നയവും, ക്രോസ് സബ്സിഡി നിരക്കുകൾ ക്രമമായി |

| വിഭാഗം | വർദ്ധനവ് (ശതമാനത്തിൽ) | |
|---|---|---|
| | ഫിക്സഡ് ചാർജ് | എനർജി ചാർജ് |
| എൽ.റ്റി. 5(എ) | 25 | 20% |
| എൽ.റ്റി. 5(ബി) | 25 | 8% |

| | |
|---|---|
| | കുറയ്ക്കണമെന്ന് അനുശാസിക്കുന്നുണ്ട്. സംസ്ഥാനത്ത് എൽ.റ്റി. 5(ബി), കാർഷിക വിഭാഗങ്ങളുടെ നിരക്കുകൾ വളരെ കുറവാണ്. മേൽ പരാമർശിച്ച പ്രകാരം ക്രോസ് സബ്സിഡി കുറയ്ക്കണമെന്ന നിർദ്ദേശം അനുസരിച്ചാണ് ഈ വിഭാഗങ്ങളുടെ നിരക്കുകൾ പുതുക്കുവാൻ ശുപാർശ ചെയ്തത്. |
| (സി) പല ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളും കാർഷിക മേഖലയ്ക്ക് കുറഞ്ഞ നിരക്കിൽ വൈദ്യുതി നൽകുമ്പോൾ സംസ്ഥാനത്തെ നിരക്ക് വർദ്ധനവ് പ്രളയത്തിൽ എല്ലാം നഷ്ടപ്പെട്ട കർഷകരെ കൂടുതൽ പ്രതിസന്ധിയിലാക്കുമെന്ന വസ്തുത പരിഗണിച്ച് പ്രസ്തുത നിർദ്ദേശം പിൻവലിക്കുമോ; | (സി) ഇതര ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ മിക്കതിലും, അതതു റഗുലേറ്ററി കമ്മീഷനുകൾ നിശ്ചയിച്ചിരിക്കുന്ന താരിഫ്, (തെലുങ്കാനയിലെ ഒരു വിഭാഗത്തിനൊഴിച്ച്) കേരളത്തിലേതിനേക്കാൾ ഉയർന്നതാണ്. അതതു സംസ്ഥാനങ്ങൾ കാർഷിക വിഭാഗം ഉപഭോക്താക്കൾക്ക് വിവിധ നിരക്കിൽ കമ്മീഷൻ നിശ്ചയിച്ച സബ്സിഡി നൽകി വരുന്നുണ്ട്.<br><br>കേരളത്തിൽ എൽ.റ്റി. 5(എ) വിഭാഗത്തിൽപ്പെടുന്ന എല്ലാ വിഭാഗം ഉപഭോക്താക്കൾക്കും യൂണിറ്റൊന്നിന് 85 പൈസ സബ്സിഡി നൽകുന്നുണ്ട്.<br><br>കൂടാതെ എൽ.റ്റി. 5(എ) വിഭാഗത്തിൽ താഴെ പറയുന്ന ഭൂപരിധി ഉള്ളവരുടെ വൈദ്യുതി ചാർജ് പൂർണ്ണമായും കൃഷിഭവൻ മുഖേന സർക്കാർ ഫണ്ടിൽ നിന്ന് നല്കി വരുന്നു.<br><br><u>സർക്കാർ നിശ്ചയിച്ച ഭൂപരിധി</u><br><br>നെൽ കൃഷി - പരിധിയില്ലാതെ<br>മറ്റു വിളകൾ - കുറഞ്ഞത് 30 സെന്റ്<br>പച്ചക്കറി - കുറഞ്ഞത് 15 സെന്റ്<br>വെറ്റില - കുറഞ്ഞത് 5 സെന്റ് |
| (ഡി) കഴിഞ്ഞ വർഷത്തെ കനത്ത മഴയിൽ ഡാമുകൾ നിറഞ്ഞത് മൂലം എത്ര കോടി രൂപയുടെ അധിക വൈദ്യുതി ഉല്പാദനം നടത്തുവാൻ കഴിഞ്ഞു വെന്ന് വ്യക്തമാക്കാമോ? | (ഡി) കഴിഞ്ഞ വർഷത്തെ കനത്ത മഴയിൽ ഡാമുകൾ നിറഞ്ഞതുമൂലം ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ 849.10 Mu- ന്റെ അധിക വൈദ്യുതി ഉത്പാദനം നടത്തുവാൻ കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ